# സംസാരിക്കരുത്

എന്താ സംസാരിച്ചാൽ എന്ന് തിരിച്ചു ചോദിക്കാൻ വരട്ടെ. അതിനു മുമ്പ് പറയാനുള്ളത് പറയട്ടെ. (നാം അങ്ങനെയാണ്. ന്യായീകരണം, ജിജ്ഞാസ, തർക്കം തുടങ്ങിയ പലതും ഇടക്ക് കയറി ചോദിക്കാൻ നമ്മെ പ്രേരിപ്പിക്കാറുണ്ട്.)

എന്റെ വായിൽ കൂടി വല്ലതും വരും എന്ന് പലരും പറയുന്നത് കേട്ടിട്ടുണ്ട്. ആൾ നല്ല, സാഹചര്യം അയാളെ പ്രഷറിലാക്കിയിട്ടുണ്ട് എന്നൊക്കെയാണ് അതിനർഥം. പല സന്ദർഭങ്ങളിലും പലവിധത്തിലുള്ള വൈകാരിക സമ്മർദ്ദങ്ങളിലായിരിക്കും നാം. അത്തരം സന്ദർഭങ്ങളിലുള്ള വാക്പ്രതികരണം ഒഴിവാക്കുന്നതാണുത്തമം. അതാണല്ലോ കടന്നാക്രമണത്തിന് വാതിൽ തുറക്കുന്നത്.

ഉപദേശം എന്ന നിലക്കല്ല ഇത് പറയുന്നത്. സാമൂഹികജീവിതത്തിൽ കാണാറുള്ള പ്രയാസങ്ങളിലേക്കുള്ള എത്തിനോട്ടം മാത്രമാണിത്. കാരണം, പ്രതികരണങ്ങളാണല്ലോ എല്ലാറ്റിനും നിമിത്തം.

മാനുഷികവികാരങ്ങളിൽ കോപമാണ് ഏറെ അപകടം. അത്തരം മാനിസകാവസ്ഥയിൽ നീതി, മര്യാദ, ഔചിത്യം എന്നിവ പാലിക്കാൻ ആളുകൾക്ക് സാധിക്കണമെന്നില്ല. സമനില വിട്ടു പെരുമാറാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നതാണ് കോപം.

നാം ഒരു പ്രശ്നത്തെ അഭിമുഖീകരിക്കുന്നു. അവിടെ നമുക്ക് കൈകാര്യം ചെയ്യേണ്ടിവരു വിഷയം, നമുക്ക് അഭിമുഖീകരിക്കാനുള്ള വ്യക്തി, സാഹചര്യം എന്നിവ നമ്മുടെ മുമ്പിലുണ്ടാകുമല്ലോ. അവിടെ ഏതെല്ലാം രീതിയിലുള്ള പ്രതികരണം ഉണ്ടാകുമെന്നും അവയോട് ഏതുരീതിയിലുള്ള സമീപനമാണ് സ്വീകരിക്കേണ്ടതെന്നും വൈകാരികമായ രംഗമുണ്ടായാൽ അതിനെ മാന്യമായി എങ്ങനെ തരണം ചെയ്യണമെന്നും പ്രയാസമുണ്ടാകാതെ കാര്യം നേടാൻ ഏത് മാർഗമാണ് നല്ലതെന്നും മുൻകൂട്ടി നിശ്ചയിച്ചാൽ കുറേ പ്രശ്നങ്ങൾ ഇല്ലാതാകും. എന്നാൽ നേരത്തെ സൂചിപ്പിച്ച ന്യായീകരണം, തർക്കം, ജിജ്ഞാസ എന്നിവ നമ്മിൽ കൂടുതലുള്ളതിനാൽ ഇപ്പറഞ്ഞചിന്തക്കും വീണ്ടുവിചാരത്തിനും അധികമാരും കാത്തുനിൽക്കാറില്ല.

പര്യാലോചനയും കൂടിയാലോചനയുമില്ലാത്തതും ആവേശത്തോടും തെറ്റായ നിർദേശത്തോടും കൂടിയതുമായ സമീപനങ്ങളാണ് പലപ്പോഴും നമ്മെ അപകടത്തിലാക്കുന്നത്. അതിനാലാണ് നീ കോപിക്കരുത്, ഖേദിക്കേണ്ടിവരുമെന്ന് പറഞ്ഞത്.

ദേഷ്യം പിടിക്കരുതെന്ന് ആരും പറയില്ല. എന്നാൽ അതിന് ചില മര്യാദകൾ പാലിക്കണമെന്നേയുള്ളു. അതിൽ പ്രധാനമാണ് വൈകാരിക സമ്മർദ്ദമുണ്ടാകുമ്പോൾ പ്രതികരിക്കാതിരിക്കുകയെന്നത്. ദേഷ്യം വന്നാൽ കടിച്ചിറക്കുക. ദൈവത്തെ ഓർക്കുക. കാരണം, ദേഷ്യം പൈശാചികമാണ്.

കോപാവസ്ഥയിൽ വാക്കും പ്രവൃത്തിയും സൂക്ഷിക്കുകയും സന്ദർഭത്തിന്റെ തേട്ടത്തിനുപരിയായി പരിധി വിടാതിരിക്കുകയും ചെയ്യൽ കോപാവസ്ഥയിലുള്ള പെരുമാറ്റമര്യാദയാണ്.

വാക്കുകൾ കൺസൾട്ടന്റിന്റെ സ്ഥാനത്തുനില്ക്കുന്നു. യുദ്ധമുണ്ടാക്കുവാനും സമാധാനമുണ്ടാക്കുവാനും അതിന് സാധിക്കും.

നമുക്കെല്ലാവർക്കും സമൂഹത്തിൽ നിശ്ചിത സ്ഥാനമുണ്ട്. അത് മറ്റുള്ളവർ അംഗീകരിച്ചു തന്നതാണെങ്കിലും ചില നിബന്ധനകളും അതിനുണ്ട്. ഉന്നതനായ പിതാവിന്റെ പുത്രൻ, ഉയർന്നതും ജനങ്ങൾ മാനിക്കുന്നതുമായ തറവാട്ടിലെ അംഗം, ഏറെ ആദരണീയനായ സന്താനത്തിന്റെ പിതാവ് തുടങ്ങിയവ നമുക്കുള്ള സാമൂഹികാംഗീകാരത്തിന്റെ മാനദണ്ഡങ്ങളാകുന്നു. ഒരാളെ സമൂഹത്തിൽ ആദരണീയനോ സ്ഥാനമുള്ളവനോ ഒക്കെ ആക്കുന്നത്. ഈ പദവി കാത്തുസൂക്ഷിക്കുകയെന്നതാണ് ഒരാളെ സംബന്ധിച്ചിടത്തോളം അനിവാര്യമായ സംഗതി. സമൂഹം അതിനുത്തരവാദിയല്ല. സ്വഭാവത്തിലും പ്രതികരണത്തിലും അയാൾ എത്രമാത്രം മാന്യനാണോ അതിനനുസരിച്ചായിരിക്കും സമൂഹം ആ പദവിയെ മാനിക്കുകയുള്ളു.

വിനയം കൈക്കൊള്ളുക. കോപത്തിന്റെ നേർവിപരീതമാണ് വിനയത്തിന്റെ പരിണതി. കുപിതനെ സമൂഹം വെറുക്കുമ്പോൾ വിനയാന്വിതനെ ജനം ആദരിക്കും.

എന്റെ വാക്കും പ്രതികരണവും പ്രശ്നങ്ങൾക്ക് കാരണമാകരുതെന്നും മറ്റുള്ളവരുടെ മനസ്സിനെ മുറിവേൽപ്പിക്കാൻ നിമിത്തമാകരുതെന്നും നാം നിശ്ചയിക്കുക. മധുരമാകട്ടെ നമ്മുടെ നാവും മനസ്സും. മനസ്സിന്റെ വിശാലതയും മാനുഷികപ്രതിപത്തിയുമാണ് അതിന് നിദാനം.